ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.06.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെയ്ഷെൽസ് സന്ദർനത്തിന് ഇന്ന് തുടക്കം ; ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയാകും.

   **Prime Minister Narendra Modi's state visit to Seychelles begins today; PM will attend the Golden Jubilee celebrations of their National Day**

2. എം എസ് എം ഇ ദിനത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന 'ഉദ്യമി ഭാരത്' സമ്മേളനത്തിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കും.

   **Vice President C. P. Radhakrishnan to preside over the 'Udyami Bharat' convention organized in New Delhi today on the occasion of MSME Day."**

3. രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസായ 'ഭാരത് ടാക്സി' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിൽ ഉദ്ഘാടനം ചെയ്യും.

   **Union Home Minister Amit Shah will inaugurate 'Bharat Taxi', India's first cooperative-based taxi service, in Gujarat today.**

4. വെനിസ്വേലയിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം ആയിരത്തോളമായി ; ഇന്ത്യയുടെ അടിയന്തര സഹായത്തിന് നന്ദി അറിയിച്ച് വെനിസ്വേലൻ പ്രസിഡന്റ്.

   **The death toll from the devastating earthquakes in Venezuela rises to nearly one thousand; the Venezuelan President expresses gratitude for India's timely emergency assistance."**

5. **കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്; വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത ; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**IMD forecasts heavy rain across Kerala, issuing a Yellow Alert for northern districts; fishing banned along the Kerala, Karnataka, and Lakshadweep coasts.**

6. **എഫ്.ഐ.എച്ച് പുരുഷ പ്രോ ലീഗ് ഹോക്കിയിൽ പാകിസ്ഥാനെതിരെ ഇന്ത്യയ്ക്ക് തകർപ്പൻ ജയം .**

**India secures a resounding victory over Pakistan in the FIH Men's Pro League Hockey tournament.**

******************************

## PM SEYCHELLES VISIT (INTRO)

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ സെയ്ഷെൽസിലേക്ക് തിരിക്കും. സെയ്ഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും. **വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

മൂന്ന് ദിവസത്തെ ഒദ്യോഗിക സന്ദർശനത്തിൽ സെയ്ഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുകയും അവിടെയുള്ള ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യും. സന്ദർശനത്തിന്റെ ആദ്യ ദിനമായ ഇന്ന് ബൊട്ടാണിക്കൽ ഗാർഡനും സെയ്ഷെൽസ് കോസ്റ്റ് ഗാർഡ് ആസ്ഥാനവും പ്രധാനമന്ത്രി സന്ദർശിക്കുന്നുണ്ട്. സെയ്ഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ചർച്ച നടത്തും. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ വശങ്ങളും അവലോകനം

ചെയ്യുന്നതിനൊപ്പം, പരസ്പര താല്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ നേതാക്കൾ കാഴ്ചപ്പാടുകൾ പങ്കുവെക്കും. 2015-ലാണ് പ്രധാനമന്ത്രി ഇതിനുമുമ്പ് സെയ്ഷെൽസ് സന്ദർശിച്ചത്. ദേശീയ ദിനആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും നാവികസേനയുടെ രണ്ട് കപ്പലുകളും സെയ്ഷെൽസ് ദേശീയ ദിന പരേഡിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. **ന്യൂസ് ഡസ്ക്, ആകാശവാണി.....**

******************************

## MSME DAY-VP

അന്താരാഷ്ട്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ദിനത്തോടനുബന്ധിച്ച് 'ഉദ്യമി ഭാരത്' സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടക്കും; ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കേന്ദ്ര എം.എസ്.എം.ഇ മന്ത്രി ജിതൻ റാം മാഞ്ചി, സഹമന്ത്രി ശോഭ കരന്ദ്ലാജെ, തുടങ്ങിയവർ പങ്കെടുക്കും. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, നവീകരണം എന്നിവയിൽ എം.എസ്.എം.ഇ മേഖല നൽകുന്ന സംഭാവനകളെ ആദരിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 27 എം.എസ്.എം.ഇ ദിനമായി ആഘോഷിക്കുന്നത്. രാജ്യത്തെ എം.എസ്.എം.ഇ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അത്യാധുനിക ഡിജിറ്റൽ പോർട്ടലുകളും പദ്ധതികളും ഉപരാഷ്ട്രപതി ഇന്ന് ഉദ്ഘാടനം ചെയ്യും. നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന 'എം.എസ്.എം.ഇ ഐഡിയ ഹാക്കത്തോൺ 6.0' പദ്ധതിക്കും ഇന്ന് തുടക്കമാകും.

******************************

## SHAH LAUNCH -BHARAT TAXI

രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസായ 'ഭാരത് ടാക്സി' കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിൽ ഉദ്ഘാടനം ചെയ്യും. ഗാന്ധിനഗറിലെ മഹാത്മാ മന്ദിറിൽ നടക്കുന്ന

ചടങ്ങിലാണ് പദ്ധതിക്ക് തുടക്കമിടുക. ഡ്രൈവർമാർക്ക് പരമാവധി സാമ്പത്തിക ലാഭം ഉറപ്പാക്കുന്ന സീറോ-കമ്മീഷൻ മാതൃകയിലാണ് ഭാരത് ടാക്സി പ്രവർത്തിക്കുക. "അമുൽ, ഇഫ്കോ, നബാർഡ് ഉൾപ്പെടെയുള്ള എട്ട് പ്രമുഖ സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ 'സഹകാർ ടാക്സി കോഓപ്പറേറ്റീവ് ലിമിറ്റഡ്' ആണ് ഭാരത് ടാക്സി വികസിപ്പിച്ചത്.

********************************

## VICE PRESIDENT – KARNATAKA

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കർണാടകയിലെത്തും. ബംഗളൂരുവിൽ ഇന്ന് നടക്കുന്ന നാദപ്രഭു ശ്രീ കെമ്പഗൗഡയുടെ ജന്മവാർഷികാഘോഷത്തിലും, രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ സ്ഥാപക ദിനാചരണത്തിലും അദ്ദേഹം പങ്കെടുക്കും.

********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135 -ാം പതിപ്പാണിത്.

********************************

## RAM TEMPLE REMAND

അയോധ്യ രാമക്ഷേത്രത്തിലേക്കുള്ള സംഭാവനകളിൽ ക്രമക്കേട് നടത്തിയെന്ന കേസിൽ അറസ്റ്റിലായ എട്ട് പ്രതികളെയും തിങ്കളാഴ്ച വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. തിങ്കളാഴ്ച പ്രതികളെ വീണ്ടും കോടതിയിൽ ഹാജരാക്കും. പ്രതികളിൽ നിന്ന് ആകെ 79 ലക്ഷത്തി 85 ആയിരം രൂപ കണ്ടെടുത്തിട്ടുണ്ട്. അറസ്റ്റിലായവരിൽ പൊതു

പ്രവർത്തകരും സർക്കാർ ജീവനക്കാരും എസ് ബി ഐ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മൂന്ന് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

*******************************

## PULSE POLIO

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

*******************************

## RAIN- KERALA

കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*******************************

## GOYAL-LONDON ( INTRO)

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ ഇരുരാജ്യങ്ങൾക്കും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ നിർണ്ണായക നാഴികക്കല്ലാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. പരമ്പരാഗത വ്യാപാരത്തിനപ്പുറം, സാങ്കേതികവിദ്യ, നിർമ്മിത ബുദ്ധി , വിദ്യാഭാസം, പ്രതിരോധം, സംസ്കാരം തുടങ്ങിയ മേഖലകളെയും, ഇന്ത്യ-യുകെ പങ്കാളിത്തം ഉൾക്കൊള്ളുന്നുവെന്നും ശ്രി ഗോയൽ പറഞ്ഞു.

(വോയിസ്)

*******************************

## INDIA OPERATION-VENEZUELA

ഭൂകമ്പം തകർത്ത വെനിസ്വേലയ്ക്ക് കൈത്താങ്ങായി ഇന്ത്യ; 'ഓപ്പറേഷൻ അമിസ്റ്റാദ്' രക്ഷാദൗത്യം ആരംഭിച്ചു. ദൗത്യത്തിന്റെ ഭാഗമായി ദുരിതാശ്വാസ സാമഗ്രികളും 41 അംഗ രക്ഷാപ്രവർത്തകരുമായി ഇന്ത്യൻ വ്യോമസേനയുടെ രണ്ട് സി-17 ഗ്ലോബ്മാസ്റ്റർ വിമാനങ്ങൾ വെനിസ്വേലയിലേക്ക് തിരിച്ചു. അവിടെ രക്ഷാപ്രവർത്തനങ്ങൾക്ക് സംഘം ആവശ്യമായ പിന്തുണ നൽകും. ഈ പ്രതിസന്ധി ഘട്ടത്തിൽ വെനിസ്വേലൻ സർക്കാരിനും ജനങ്ങൾക്കുമൊപ്പം ഇന്ത്യ തോളോട് തോൾ ചേർന്ന് നിൽക്കുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

*******************************

## VENEZUELA - EARTHQUAKE

അതേസമയം വെനിസ്വേലയിൽ ഉണ്ടായ ഇരട്ട ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 920 ആയി ഉയർന്നു. മൂവായിരത്തോളം ആളുകൾക്ക് പരിക്കേറ്റിട്ടുണ്ട്. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്താനായി തിരച്ചിൽ

തുടരുകയാണ്. ദുരന്തസമയത്ത് ഇന്ത്യ പ്രഖ്യാപിച്ച ഐക്യദാർഢ്യത്തിനും അടിയന്തര സഹായങ്ങൾക്കും ഇടക്കാല പ്രസിഡൻ്റ് റോഡ്രിഗസ് നന്ദി അറിയിച്ചു. പ്രതിസന്ധി ഘട്ടങ്ങളിൽ ഇന്ത്യയിലെയും വെനിസ്വേലയിലെയും ജനങ്ങൾക്കിടയിലുള്ള ശക്തമായ സഹകരണത്തിന്റെ പ്രതീകമാണ് ഈ സഹായമെന്നും അവർ കൂട്ടിച്ചേർത്തു.

*******************************

## US STRIKE – IRAN

ഇറാന് നേരെ ശക്തമായ ആക്രമണം നടത്തി അമേരിക്ക. ഹോർമുസ് കടലിടുക്കിൽ ചരക്കുകപ്പലിന് നേരെ കഴിഞ്ഞ ദിവസം ഉണ്ടായ ഡ്രോൺ ആക്രമണത്തിന് മറുപടിയായാണ് ഈ നടപടിയെന്നാണ് അമേരിക്കയുടെ വിശദീകരണം. ഇറാന്റെ മിസൈൽ, ഡ്രോൺ വിക്ഷേപണ കേന്ദ്രങ്ങളും തീരദേശ റഡാർ സംവിധാനങ്ങളുമാണ് യു.എസ് സെൻട്രൽ കമാൻഡ് ലക്ഷ്യമിട്ടത്. അതേസമയം, അമേരിക്കൻ ആക്രമണത്തിന് ഇറാൻ നൽകുന്ന മറുപടി നിർണ്ണായകമായിരിക്കുമെന്ന് ഇറാന്റെ സൈനിക വക്താവ് ഇബ്രാഹിം അൽ-ഫിഖാർ മുന്നറിയിപ്പ് നൽകി. അതിനിടെ, ഒമാൻ തീരത്ത് ഒരു കണ്ടെയ്നർ കപ്പലിന് നേരെ മിസൈൽ ആക്രമണം ഉണ്ടായതായി ബ്രിട്ടീഷ് സൈന്യവും സ്ഥിരീകരിച്ചു.

*******************************

## ISRAEL- LEBANON AGREEMENT

ഇസ്രായേലും ലെബനനും തമ്മിൽ സുസ്ഥിരമായ സമാധാനവും സുരക്ഷയും ലക്ഷ്യമിട്ടുള്ള കരാറിന് രൂപരേഖയായി. അമേരിക്കയുടെ മധ്യസ്ഥതയിലാണ് ചരിത്രപരമായ കരാർ രൂപീകരിച്ചതെന്ന് യു.എസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ അറിയിച്ചു. ഹിസ്ബുള്ള എല്ലാവിധ ആക്രമണങ്ങളും അവസാനിപ്പിക്കുന്നതിനും തെക്കൻ ലെബനനിൽ നിന്ന് പിന്മാറുന്നതിനും

വിധേയമായിട്ടായിരിക്കും നിർദ്ദിഷ്ട വെടിനിർത്തൽ കരാർ നടപ്പാക്കുക.

*******************************

## FIH MENS HOCKEY

എഫ്.ഐ.എച്ച് പുരുഷ പ്രോ ലീഗ് ഹോക്കിയിൽ ഇന്ത്യയ്ക്ക് തകർപ്പൻ ജയം, ലണ്ടനിൽ നടന്ന മത്സരത്തിൽ പാകിസ്ഥാനെ 7-1 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത് . ഇന്ത്യ നാളെ ഇംഗ്ലണ്ടിനെ നേരിടും.

*******************************

## FIFA WORLD

ഫിഫ ലോകകപ്പ് ഫുട്ബോൾ ഗ്രൂപ്പ് ഐ മത്സരത്തിൽ നോർവേക്കെതിരെ ഫ്രാൻസിന് ജയം. ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ഫ്രാൻസിന് ജയം. ഗ്രൂപ്പ് ഘട്ടത്തിലെ എല്ലാ മത്സരങ്ങളും ജയിച്ച ഫ്രാൻസ് ഒൻപത് പോയിന്റുമായി നോക്കൗട്ട് റൗണ്ടിലെത്തി. അതേസമയം ആദ്യ രണ്ട് മത്സരങ്ങൾ ജയിച്ച നോർവെയും നോക്കൗട്ട് ഘട്ടത്തിലേക്ക് കടന്നു. ഗ്രൂപ്പ് ഐയിലെ മറ്റൊരു മത്സരത്തിൽ ഇറാഖിനെ തകർത്ത് സെനഗൽ നോക്കൗട്ട് ഘട്ടത്തിലേക്ക് കടക്കാനുള്ള സാധ്യത നിലനിർത്തി. അതേസമയം, ഗ്രൂപ്പ് ഘട്ടത്തിലെ മൂന്നു മത്സരങ്ങളും തോറ്റ ഇറാഖ് ടൂർണമെന്റിൽ നിന്ന് പുറത്തായി. ഗ്രൂപ്പ് എച്ചിൽ കേപ് വെർദെ - സൗദി അറേബ്യ, ഉറുഗ്വേ സ്പെയിൻ മത്സരം പുരോഗമിക്കുന്നു. ഇന്ത്യൻ സമയം രാവിലെ 8.30ന് നടക്കുന്ന ഗ്രൂപ്പ് ജി പോരാട്ടങ്ങളിൽ ന്യൂസിലാന്റ് ബെൽജിയത്തിനെയും ഈജിപ്റ്റ് ഇറാനെയും നേരിടും.

***************************************************************

*******************************